പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1350.

04.12.2014 ൽ മറുപടിക്ക്

## അന്നപൂർണ്ണ കാർഡ് ഉടമകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) വയനാട് ജില്ലയിലെ അന്നപൂർണ്ണ കാർഡ് ഉടമകൾക്കുള്ള സൗജന്യ അരി വിതരണം നിർത്തിവച്ചിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) (ബി) | 01.01.2014 ലെ നം.4-6/2013-BP.II ഉത്തരവ് പ്രകാരം 2013 ഒക്ടോബർ മാസം മുതൽ 2014 മാർച്ച് മാസം വരെ വിതരണം നടത്തുന്നതിന് 2.38 MT അരിയാണ് കേരളത്തിന് അനുവദിച്ചത്. 2014 മാർച്ച് മാസത്തിനു ശേഷം കേന്ദ്ര സർക്കാരിൽ നിന്നും ടി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. ആയതിനാൽ ജില്ലകളിൽ അന്നപൂർണ്ണ അരിയുടെ സ്റ്റോക്ക് പരിമിതമാണ്. ടി സാഹചര്യത്തിലാണ് അരിയുടെ വിതരണം മുടങ്ങുവാൻ ഇടയായത്; |
| (ബി) അന്നപൂർണ്ണ ഗുണഭോക്താക്കൾക്കുള്ള അരിയുടെ അലോട്ട്മെന്റ് നിർത്തിവയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ; | | |
| (സി) പ്രസ്തുത ഗുണഭോക്താക്കൾക്കുള്ള അരി വിതരണം പുനസ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ഗുണഭോക്താക്കൾക്ക് അരി വിതരണം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ അലോട്ട്മെന്റിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ